107 (125) വ്യാജമദ്യവുമായി ബന്ധപ്പെട്ട അന്വേഷണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നല്കുമോ :

(എ) വ്യാജമദ്യവുമായി ബന്ധപ്പെട്ട് പോലീസിന്റെ ഏതെല്ലാം ടീമുക ളാണ് ഇപ്പോൾ അന്വേഷണം നടത്തുന്നത്;

(ബി) ഈ ടീമുകൾ ഓരോന്നിനും നല്കിയിട്ടുള്ള ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ അന്വേഷണ ടീമുകൾ ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും റിപ്പോർട്ട് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യ മാക്കുമോ;

(ഡി) വിഷമദ്യ ദുരന്തത്തിന് മദ്യമുതലാളിമാർ മാത്രമല്ല ഉന്നത ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ നേതാക്കൾക്കും പങ്കുണ്ട് എന്ന് സർക്കാർ കരു തുന്നുണ്ടോ;

(ഇ) മദ്യദുരന്തത്തിന്റെ പ്രധാന ഉത്തരവാദികളായ മദ്യമുതലാളി മാർ, ഉന്നത ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതാക്കൾ എന്നിവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടു വരുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) വിഷമദ്യ ദുരന്തത്തിലെ പ്രതിയായ മണിച്ചന്റെ 'ബെൻസ് കാർ' മന്ത്രിമാരുടെ കുടുംബാംഗങ്ങൾ ഗുരുവായൂർ, മൂകാംബിക തുടങ്ങിയ സ്ഥല ങ്ങളിൽ യാത്ര ചെയ്യുന്നതിന് ഉപയോഗിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഏതെല്ലാം മന്ത്രിമാരുടെ ബന്ധുക്കളാണ് ഈ ബെൻസ് കാർ ഉപയോഗിച്ച് യാത്ര ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) വ്യാജമദ്യവുമായി ബന്ധപ്പെട്ട് പോലീസിന്റെ മൂന്ന് ടീമുക ളാണ് അന്വേഷണം നടത്തുന്നത്.

1) തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് ഉണ്ടായ മദ്യദു രന്തം സംബന്ധിച്ച് കേസ് തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി. ശ്രീ. വിൽസൺ എം. പോളിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീ അന്വേഷിക്കുന്നു.

2) കൊല്ലം ജില്ലയിലെ മദ്യദുരന്തവുമായി ബന്ധപ്പെട്ട കേസു കൾ ഐ.ജി.പി. ശ്രീ.സിബി മാത്യൂസിന്റെ നേതൃത്വത്തിലുള്ള ടീം അന്വേഷിക്കുന്നു.

3) സ്പിരിറ്റ് കടത്തും വിതരണവുമായി ബന്ധപ്പെട്ട കേസു കൾ ഡി.ഐ.ജി. ശ്രീ. അരുൺകുമാർ സിൻഹയുടെ നേതൃത്വത്തിലും ദക്ഷിണ മേഖലാ ഐ.ജി. ശ്രീ. രാജൻ കെ.മധേക്കറിന്റെ പൊതുവായ മേൽനോട്ടത്തിലുമുള്ള സ്പെഷ്യൽ ടീം അന്വേഷിച്ചു വരുന്നു.

(സി) റിപ്പോർട്ട് നല്കിയിട്ടില്ല.

(ഡി, ഇ) ഈ വിഷയം ജസ്റ്റിസ് വി.പി. മോഹൻകുമാർ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിട്ടുണ്ട്. പോലീസ് അന്വേഷണത്തിൽ കുറ്റ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെന്ന് വെളിവായിട്ടുള്ളവരുടെമേൽ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഇല്ല.

(ജി) 'എഫ്' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

108 (126) മണിച്ചന്റെ ഗോഡൗൺ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) 2000 ഒക്ടോബർ 29 ന് മണിച്ചന്റെ ഒരു ഗോഡൗൺ പോലീസ് റെയ്ഡ് ചെയ്തിരുന്നുവോ;

(ബി) പ്രസ്തുത റെയ്ഡിൽ എന്തെങ്കിലും കണ്ടെടുക്കാനായോ;

(സി) അതേ തുടർന്ന് കല്ലുവാതുക്കൽ വ്യാജമദ്യ ദുരന്തത്തെപ്പറ്റിയുള്ള വിവരങ്ങൾ ഹൈക്കോടതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവുണ്ടാവുന്നതുവരെ മണിച്ചന്റെ വ്യാജമദ്യസ്റ്റോറുകളെ സംബന്ധിച്ച് പോലീസിന് എന്തെല്ലാം കാര്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞു?

ഉത്തരം

(എ) ഇല്ല.

(ബി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ടി കേസ് അന്വേഷണാവസ്ഥയിലാണ്.

109 (127) വ്യാജ മദ്യവേട്ടയിൽ കായംകുളത്തുണ്ടായ പുരോഗതി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം വ്യാജ മദ്യവേട്ടയിൽ കായംകുളത്തുണ്ടായ പുരോഗതി വിശദീകരിക്കുമോ;

(ബി) കല്ലുവാതുക്കൽ സംഭവം നടന്ന സാഹചര്യത്തിൽ കായംകുളത്തിനടുത്ത് ഓച്ചിറയിൽ നിന്നും പിടികൂടിയ വ്യാജമദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി വിശദീകരിക്കുമോ;

(സി) ഈ കേസ്സിൽ വ്യാജമദ്യം ആര് കൊണ്ടുവന്നുവെന്നും ആർക്ക് കൊടുത്തയച്ചു എന്നും ആർക്കു വേണ്ടി കൊണ്ടുപോയി എന്നും കേസ് എടുക്കുകയും തുടർന്ന് അന്വേഷിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് നല്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ കാര്യങ്ങൾ അന്വേഷിക്കുമോ;

(ഇ) ഈ കാര്യത്തിൽ കരുനാഗപ്പള്ളി ഡിവൈ.എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ അന്വേഷണം തൃപ്തികരമായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly